നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ — 40

പ്രതികൂലിക്കുന്നവർ — 22

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(9) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ബില്ലിനെ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. ജോണി നെല്ലൂർ: 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഇപ്പോൾ നടന്നുവരുന്ന അനാരോഗ്യകരമായ പ്രവണത ബഹുമാന്യനായ കെ. ബാബു ഇവിടെ സൂചിപ്പിച്ചു. ഈ ഭേദഗതിയിൽ അത് വന്നിട്ടില്ല, എങ്കിൽപോലും ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ വളരെ ഗൗരവമായി ആലോചിക്കുമെന്ന് പറഞ്ഞത് വളരെ സന്തോഷമുള്ള കാര്യമാണ്. അതോടൊപ്പംതന്നെ എനിക്ക് വേറൊരു നിർദ്ദേശം വയ്ക്കാനുള്ളത് ഇന്ന് സംസ്ഥാനത്തൊട്ടാകെ ഈ കുറുമാറ്റംമൂലം നിരവധി പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മാറിമറിഞ്ഞ് അനാരോഗ്യകരമായിട്ടുള്ള പ്രവണതയുണ്ടായിട്ടുണ്ട് എന്നാണ്. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പ്രസിഡന്റുമാരേയും ചെയർമാൻമാരേയും നേരിട്ടെടുക്കുന്ന ഒരു രീതി ഇപ്പോൾ ഈ ഭേദഗതിയിൽ കൊണ്ടുവന്നില്ലെങ്കിൽപോലും അത് ഒരു ഭേദഗതിയായി കൊണ്ടുവരുന്ന കാര്യം ഗൗരവബുദ്ധ്യാ ആലോചിക്കണം. കുറുമാറ്റം തടയാൻ ഒരു പരിധിവരെ ഇത് സഹായകരമാകുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതിലെ വിഷയം എന്താണെന്നു ചോദിച്ചാൽ അപ്പുറത്തുനിന്ന് ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് പറയേണ്ടി വരുന്നത്. ഏതായാലും ഡീ-ലിമിറ്റേഷൻ കമ്മിഷൻ ഐ.എ.എസ്. കാരെ ഇതിൽ കൊണ്ടുവരുന്നത് പഞ്ചായത്ത്-മുനിസിപ്പൽ ഭരണം പിടിച്ചെടുക്കാനാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. രണ്ട് നിർദ്ദേശവും ഇവിടെ വന്നു. ജുഡീഷ്യൽ കപ്പാസിറ്റിയോടുകൂടിയുള്ള ഒരാളെ നിങ്ങൾ ഏൽപ്പിച്ചിരുന്നു വെങ്കിൽ നിങ്ങളുടെ സദുദ്ദേശത്തെ മാനിക്കാമായിരുന്നു. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറും ഇതിനെപ്പറ്റി ഒന്നും പറഞ്ഞില്ല. തെരഞ്ഞെടുപ്പു കമ്മീഷൻ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചതിൽ പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പൽ ഡയറക്ടറും മാത്രമേയുള്ളൂ. ഞങ്ങൾ അതിനേക്കാൾ ഉയർന്ന, സീനിയർ ഐ.എ.എസുകാരെ വച്ചു, എന്തുകൊണ്ട് വളരെ ഉദാരമനസ്കതയുള്ള നിങ്ങൾ ജുഡീഷ്യൽ കപ്പാസിറ്റിയുള്ള ഓഫീസറെ നിയമിക്കുന്നകാര്യം ആലോചിച്ചില്ല. ഒരു റിട്ടയേർഡ് ജഡ്ജി ആകാമായിരുന്നല്ലോ! അപ്പോൾ നിങ്ങൾക്ക് സദുദ്ദേശമല്ല, ദുരുദ്ദേശമാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരാവണ്ണം തെരഞ്ഞെടുപ്പ് നടന്നാൽ യു.ഡി.എഫ്-ന് ഒറ്റ സീറ്റും കിട്ടില്ല. ഭരണം കിട്ടില്ല. ഒരു തർക്കവുമില്ല. മലപ്പുറത്തും സ്ഥിതി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ എല്ലായിടത്തും കാറ്റ് മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ധൃതിപിടിച്ച് ഇത് ചെയ്യുന്നത്. ഞാൻ ഇപ്പോഴും ഭയപ്പെടുകയാണ്. ഈ നിയമനിർമ്മാണത്തിലെ ഏതെങ്കിലും പ്രത്യേക ഒരു പഴുത് അന്വേഷിച്ച് നടക്കുന്ന ചിലരുണ്ട്. അവർ കോടതിയിൽ പോകും, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളെ ചോദ്യം ചെയ്യും. അവിടെ ലിറ്റിഗേഷൻ വന്നാൽ തെരഞ്ഞെടുപ്പ് ഈ സെപ്റ്റംബറിൽ നടക്കുമെന്ന് യാതൊരു ഗ്യാരന്റിയുമില്ല. നിയമസഭയിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനുപറയാം. പക്ഷെ പുറത്ത് നടക്കുമെന്ന് തോന്നുന്നില്ല. ഇവിടെ ചിലരെല്ലാം പറയുന്നുണ്ടല്ലോ, പാർട്ടി ഓഫീസിൽ നിന്നൊക്കെ തയ്യാറാക്കുന്നു എന്ന്, അത് ശ്രീ. ചെർക്കളത്തിന്റെ അനുഭവത്തിൽ നിന്ന് പറയുകയാണ്. ഇപ്പോൾ ആരാണ് തയ്യാറാക്കുന്നതെന്ന് അറിയാമോ? ശ്രീ. ഫിലിപ്പോസ് തോമസ്, ഈ ബിൽ പാസാക്കി, ഉടൻതന്നെ അംഗീകാരത്തിന് കൊടുക്കുന്നു. ശ്രീ. ഫിലിപ്പോസ് തോമസിന്റെ നേതൃത്വത്തിൽ എല്ലാം തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. കുറുമാറ്റത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും, മാർക്സിസ്റ്റു പാർട്ടിയും, ഇടതുപക്ഷവും ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. ഇവിടെ ഗ്രൂപ്പുതിരിഞ്ഞ് മന്ത്രിസ്ഥാനത്തിനുവേണ്ടി അടിപിടി കൂടുകയാണ്. മന്ത്രിസ്ഥാനം വാങ്ങി കോൺഗ്രസുകാരുടെ മാതൃക അനുയായികൾ സ്വീകരിക്കുകയാണ്. ഇവിടെ കൂടുതൽ വാദിച്ച ശ്രീ. ബാബുവിന്റെ നാട്ടിലെ സ്ഥിതിയെന്താണ്? എറണാകുളം ജില്ല, അവിടെ മുക്കുഴ പഞ്ചായത്തിൽ മാർച്ചുമാസം 4-ാം തീയതി അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ പോകുകയാണ്. യു.ഡി.എഫ്. ഭരിക്കുകയാണ്. അങ്കമാലി മുനിസിപ്പാലിറ്റിയിൽ അടിതീർന്നിട്ടില്ല. തൃശ്ശൂർ പൂരത്തിന് അടിച്ച് പൊട്ടുംപോലെയുള്ള അടിയാണ്. തൃശ്ശൂർ പൂരത്തിന്റെ പടക്കം പൊട്ടുമ്പോലെയുള്ള അടിയാണ് അങ്കമാലിയിൽ ഐ-യും, എ-യും, ഇപ്പോൾ 'അയ്യേ' എന്നുപറഞ്ഞിട്ടാണ്. മുവാറ്റുപുഴ എന്താണ് അവസ്ഥ. കോതമംഗലം പരവൂർ ഇവിടെയെല്ലാം ഗ്രൂപ്പ് തിരിഞ്ഞു

അങ്ങോട്ടുമിങ്ങോട്ടും അടിയാണ്. വാഴക്കുളം പഞ്ചായത്തിൽ പതിനഞ്ചിൽ പതിനാലും യു.ഡി.എഫിനാണ്. അവിടെ ഇപ്പോൾ നാലാമത്തെ പഞ്ചായത്ത് പ്രസിഡന്റാണ്. ഇടതു പക്ഷത്തിന്റേതല്ല. കോഴിക്കോട് ജില്ലയിലെ മുഴുവൻ വാർഡും യു.ഡി.എഫ്.-ന്റേതാണ്. അവിടെ ഇപ്പോൾ അഞ്ചാമത്തെ പ്രസിഡന്റാണ്. റബ്ബർ, യു.ഡി.എഫ്.-ന്റെ നേതാവ് പ്രസിഡന്റായിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ പി. കെ. രാമൻ, പട്ടികജാതിയിൽ ഉൾപ്പെട്ട ആളാണ്. അദ്ദേഹത്തെ കോൺഗ്രസ് അടിച്ചോടിച്ചു. ആരാ ചെയ്തത്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണോ ? കോൺഗ്രസ് നേതാക്കന്മാർ. എല്ലാംകൂടി അവസാനത്തെ അടിക്ക് കാത്തിരിക്കുകയാണ്. കുറുമാറ്റത്തിന്റെ കാര്യമൊന്നും ഞങ്ങളോട് പറയേണ്ട. കുറുമാറ്റം നിരോധിക്കാൻവേണ്ടി ഏത് നിയമം കൊണ്ടുവന്നാലും ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. ഇത് സദുദ്ദേശത്തിലല്ല എന്നതുകൊണ്ട് ഇതിനെ എതിർക്കേണ്ടിവന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ജോണി നെല്ലൂർ അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കുന്നതിനെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കുന്നതിനെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ എന്റെ (95)-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 69-ാം വകുപ്പിൽ— "സർക്കാർ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ഡിലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ അദ്ധ്യക്ഷനും, സെക്രട്ടറിമാരുടെ പദവിയിൽ കുറയാത്ത രണ്ട് സെക്രട്ടറിമാരും ഉൾക്കൊള്ളുന്ന ഡിലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് ഒരു അഭ്യർത്ഥനയുണ്ട്. സാധാരണ പ്രതിപക്ഷം ധാരാളം ഭേദഗതികൾ അവതരിപ്പിക്കാറുണ്ട്. ഞങ്ങൾ അവതരിപ്പിച്ച ഒരു ഭേദഗതിപോലും സ്വീകരിച്ചിട്ടില്ല.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: ഞാൻ എന്റെ (96)-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 69-ാം വകുപ്പിൽ— "രൂപീകരിച്ച ഡിലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ അദ്ധ്യക്ഷനായും, മുനിസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അംഗങ്ങളായും, മുൻസിപ്പൽ കോർപ്പറേഷൻ മേയർമാരുടെ ഒരു പ്രതിനിധി, മുനിസിപ്പൽ ചെയർമാൻമാരുടെ രണ്ട് പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ രണ്ട് പ്രതിനിധികൾ എന്നിവർ അസോസിയേറ്റഡ് അംഗങ്ങളായും രൂപീകരിച്ച ഡിലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കുക.

ഡിലിമിറ്റേഷൻ കമ്മീഷനെ സംബന്ധിച്ച് നേരത്തെ പറഞ്ഞ അതേ വാദഗതി തന്നെയാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഈ പറയുന്ന ഭേദഗതികൾ മൗലികമായി വ്യത്യാസപ്പെടുന്ന ഭേദഗതികളാണ്. അതിനാൽ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ഉം 4-ഉം വകുപ്പുകൾ

3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിപ്പിക്കുന്നു.

(86) പീഠിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയിരിക്കുന്ന അധികാരങ്ങൾ കുറവ് ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ".

(94) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"(2) ഇത് 2005 ഏപ്രിൽ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. (88) "1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയിരുന്ന തെരഞ്ഞെടുപ്പ് സംബന്ധമായ അധികാരങ്ങളിൽ ചിലത് ഉദ്യോഗസ്ഥൻ ഉൾപ്പെട്ട ഒരു ഡീലിമിറ്റേഷൻ കമ്മീഷന് കൈമാറുന്ന ആവശ്യത്തേലയ്ക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ"

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. (90) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. (92) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ഇത് ഉടൻ നടപ്പിൽ വരുന്നതാണ്"

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 86, 94 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അതരിപ്പിക്കുന്നു.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ നിയമസഭ അസാധാരണമായ ഒരു നടപടിയാണ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. എട്ട് ബില്ലുകളാണ് ഇന്ന് ചർച്ച ചെയ്തത്. പ്രതിപക്ഷം അങ്ങേയറ്റം സഹകരിച്ചതുകൊണ്ടാണ് ഇത്തരം ഒരു നിലപാടെടുത്തത്. പ്രതിപക്ഷം ഇന്നേവരെ ഇങ്ങനെ സഹകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് ഇല്ലാത്ത സന്ദർഭത്തിൽ കഴിഞ്ഞ നിയമസഭയിൽ നാലഞ്ചു തവണ അന്നത്തെ സ്പീക്കർ ഞങ്ങളുടെ സഹകരണത്തെക്കുറിച്ച് പല പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ബില്ലിലല്ല. ഇന്ന് ചർച്ച ചെയ്തത് യഥാർത്ഥത്തിൽ 16 ബില്ലുകളാണ്. ഫിനാൻഷ്യൽ ബിസിനസിനുവേണ്ടി 8 അപ്രോപ്രിയേഷൻ ബില്ലുകളും കൂടാതെ 8 ബില്ലുകളും ചേർത്ത് ആകെ 16 ബില്ലുകളാണ്. ഇത് ഗിന്നസ് ബുക്കിൽ വരും. ഇങ്ങനെയൊക്കെയായിട്ടും ഞങ്ങൾ പറയുന്ന ഒറ്റക്കാര്യവും ഭരണകക്ഷി അംഗീകരിച്ചിട്ടില്ല. ഞങ്ങൾ ഉന്നയിച്ച ഒറ്റ ഭേദഗതിപോലും അംഗീകരിക്കാൻ ഭരണപക്ഷം തയ്യാറായിട്ടില്ല. ഈ മർക്കടമുഷ്ടി ജനാധിപത്യപരമാണോയെന്ന് പരിശോധിക്കണം. പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും ദൂരവ്യാപകമായ പ്രത്യാഘാതം കേരളത്തിൽ ഉണ്ടാക്കും. പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ വരാൻപോകുന്ന ഇലക്ഷൻ പ്രക്രിയയിൽ യു.ഡി.എഫ്.-ന് ഇടപെടുന്നതിനുള്ള അധികാരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. വാർഡുകളുടെ പുനർനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായിട്ടുള്ള മാർഗ്ഗ നിർദ്ദേശമുണ്ടാകണം. അത് സംബന്ധിച്ച് ഇപ്പോൾ അവ്യക്തതയാണ്. വാർഡിൽ ചുരുങ്ങിയത് എത്ര ജനസംഖ്യ ഉണ്ടായിരിക്കണമെന്നത് സംബന്ധിച്ച് വ്യക്തമായ ധാരണയില്ല. എസ്.സി./എസ്.ടി. വാർഡുകൾ സംബന്ധിച്ച ഒരു മാനദണ്ഡം ഉണ്ടാക്കാൻ സാധിച്ചില്ല. പഞ്ചായത്തിൽ എറ്റവും കൂടുതൽ എസ്.സി. ഉണ്ടെങ്കിൽ അവിടെ അവർക്ക് റിസർവേഷൻ സീറ്റ് കൊടുക്കണമെന്ന വ്യവസ്ഥപോലും ഉണ്ടായിട്ടില്ല. നറുക്കിട്ട് തീരുമാനിക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. ഇതൊക്കെ പ്രശ്നങ്ങൾ മാത്രമേ ഉണ്ടാക്കുകയുള്ളൂ. റൊട്ടേഷൻ അനുസരിച്ചായിരിക്കണം എന്ന് മുമ്പുണ്ടായിരുന്ന വ്യവസ്ഥ മാറ്റാനാണ് ഈ ബില്ല് പ്രകാരം തീരുമാനിച്ചിരിക്കുന്നത്. വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് വല്ല നടപടിക്രമവും ഇവിടെ സ്വീകരിച്ചിട്ടുണ്ടോ? ഒന്നും തന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഏത് വോട്ടേഴ്സ് ലിസ്റ്റാണ് ഉപയോഗിക്കാൻ പോകുന്നത്? കേന്ദ്ര ഇലക്ഷൻ കമ്മീഷൻ തയ്യാറാക്കിയ വോട്ടേഴ്സ് ലിസ്റ്റാണ് ഉപയോഗിക്കാൻ പോകുന്നതെന്നാണ് അപ്പുറത്തു നിന്നും പറഞ്ഞത്. വീടുവീടാന്തരം കയറിയിറങ്ങി എന്യൂമറേഷൻ നടത്തി വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കണം. അങ്ങനെ കുറ്റമറ്റ വോട്ടേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. അതോടൊപ്പംതന്നെ വോട്ടിംഗ് യന്ത്രവും ഉപയോഗിക്കണം. ഇന്ന് കേരളത്തിലെ ജനങ്ങൾ പൂർണ്ണമായും അതിനോട് താദാത്മ്യം പ്രാപിച്ചു കഴിഞ്ഞു. ഇനി ആ സിസ്റ്റം മാറ്റുന്ന പ്രശ്നം ഉണ്ടായിക്കൂടാ. വോട്ടിംഗ് യന്ത്രം സ്ഥാപിക്കണമെങ്കിൽ അതിനാവശ്യമായ ഫണ്ട് ഗവണ്മെന്റ് കൊടുക്കണം. സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ചോദിച്ചിട്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ കൊടുക്കാൻ തയ്യാറല്ല കേരളത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിനും മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിനും ആവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം എങ്ങനെ തയ്യാറാക്കും. അതിനുള്ള പണം എങ്ങനെ ഉണ്ടാക്കും തേണ നവീകരണ പ്രക്രിയയ്ക്കുവേണ്ടി ഫണ്ട് നീക്കിവയ്ക്കുന്ന ഗവണ്മെന്റ് ഇതിന് ഫണ്ട് കൊടുക്കാൻ തയ്യാറുണ്ടോ? ഇലക്ഷൻ കുറ്റമറ്റതാക്കുന്നതിന് എന്ത് ക്രമീകരണമാണ് ഉണ്ടാക്കിയതെന്ന് ഈ ഘട്ടത്തിൽ പറയാൻ തയ്യാറാകണം. ഒരു നടപടിക്രമവും ഇല്ലാതെ ഗവണ്മെന്റ്

ഇപ്പോൾ ഇരുട്ടിൽ തപ്പുകയാണ്. ഇതിൽനിന്നും വ്യക്തമാകുന്നത് സെപ്തംബർ മാസത്തിൽ ഇവിടെ ഇലക്ഷൻ നടക്കാൻ പോകുന്നില്ല എന്നാണ്. ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഉൽകണ്ഠയുണ്ട്. സെപ്തംബർ മാസത്തിൽ ഇലക്ഷൻ നടക്കണം. ഇലക്ഷനെ ഇപ്പോൾ അപ്പുറത്തുള്ള ആളുകൾ ഭയപ്പെടുന്നു. ഇപ്പോൾ നടക്കുന്ന ഉപതെരഞ്ഞെടുപ്പുകളിലൊക്കെ പരാജയം വന്നത് കോൺഗ്രസ് തമ്മിലുള്ള അടി മൂർച്ചിച്ചതുകൊണ്ടാണ്. സാധാരണ ഗതിയിൽ ഡിമാന്റ്സ് പാസ്സാക്കി എടുത്തതിനുശേഷമാണ് ഫിനാൻസ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത്. നാളെ ഇവിടെ ഫിനാൻസ് ബിൽ അവതരിപ്പിച്ച് പാസ്സാക്കി എടുക്കാൻ പോകുകയാണ്. സാധാരണ ഡിമാന്റ്സ് ചർച്ചയൊക്കെ കഴിഞ്ഞതിനുശേഷമാണ് സപ്ലിമെന്ററി ഡിമാന്റ്സ് വരുന്നത്. ഭരണപക്ഷത്ത് എന്തോ ചീഞ്ഞ് നാറുന്നുണ്ട്. അതുകൊണ്ടാണ് ധൃതിപിടിച്ച് വോട്ട് ഓൺ അക്കൗണ്ട്സ് പാസ്സാക്കി എടുക്കുന്നത്. ഭരണപക്ഷത്ത് അടി മൂർച്ചിച്ചതിന്റെ ഫലമായിട്ടാണ് ഇതൊക്കെ വേഗംവേഗം ചുട്ടെടുക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്ക് ഈ ഗവണ്മെന്റ് നിങ്ങിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് സെപ്തംബറിൽ നടത്തിയാൽ ഇവർക്ക് ഗോപി തൊടേണ്ടിവരും. മലപ്പുറത്ത് മനസ്സിലായല്ലോ? മലപ്പുറം ജില്ലയെന്ന് പറഞ്ഞാൽ തണ്ണിമത്തങ്ങ പോലെയാണ്. പുറത്ത് മാത്രമേ പച്ചയുള്ളൂ. അകമേ ചുവപ്പ്. മലപ്പുറത്തു പോലും നിങ്ങൾ രക്ഷപ്പെടാതിരിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് ഒരു ഗതിയുമില്ല എന്നു വന്നപ്പോൾ വാർഡുകൾ അട്ടിമറിക്കാൻ പോകുന്നു. നിങ്ങൾ വാർഡുകൾ വെട്ടിമുറിക്കുന്നു. ജനങ്ങളെ വെട്ടിമുറിക്കാൻ കഴിയില്ല. മുമ്പ് യു.ഡി.എഫ്. അധികാരത്തിലിരുന്ന കാലത്ത് ഇതുപോലെ വാർഡുകൾ വെട്ടിമുറിച്ച് ഇലക്ഷൻ നടത്തിയപ്പോൾ അവിടെയൊക്കെ ഇടതുപക്ഷ മുന്നണി വൻവിജയം നേടി. അതുകൊണ്ട് നിങ്ങൾ വാർഡുകൾ വിഭജിച്ചാലും ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. കേരള ജനതയിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. പക്ഷേ നിങ്ങൾക്ക് വിശ്വാസമില്ല. ഇത്തരത്തിൽ വാർഡുകൾ വെട്ടിമുറിക്കാൻ നിങ്ങളെ പ്രേരിപ്പിച്ചതിന്റെ പിന്നിലുള്ള ചേതോവികാരം ഇതാണ്. ഇപ്പോൾത്തന്നെ ഇലക്ഷൻ കമ്മീഷന്റെ അധികാരം വെട്ടിക്കുറച്ചുകൊണ്ട് ഗവണ്മെന്റ് ഇടപെടുന്നതുൾപ്പെടെ മറ്റൊരു കാര്യം പറയുന്നുണ്ട്, അത് കൂറുമാറ്റ നിരോധനത്തിനു വേണ്ടിയാണ്. അതിന് പൂർണ്ണമായും അനുകൂലമാണ്. കേന്ദ്ര നിയമത്തിൽ പറയുന്നത്, എം.എൽ.എ.-യോ എം.പി.-യോ ആയി തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ അന്ന് അയാളുടെ സ്ഥാനം നഷ്ടപ്പെടുമെന്നാണ്. അതുപോലെ പഞ്ചായത്ത് നഗരപാലികാ നിയമത്തിൽ മാറ്റം വരുത്തി കൊണ്ടുവരാൻ തയ്യാറായിട്ടും എന്തുകൊണ്ട് കൂറുമാറ്റ നിരോധന നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഇപ്പോഴും തയ്യാറാകുന്നില്ല. കൂറുമാറ്റം എന്നത് ജനാധിപത്യ പ്രക്രിയയിൽ ഏറ്റവും അപകടകരമായ കാര്യമായിട്ടാണ് ഞങ്ങൾ കാണുന്നത്. പാർട്ടി മാറുകയാണെങ്കിൽ അയാൾ പാർട്ടിയിൽനിന്നും രാജിവയ്ക്കണം. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന കൂറുമാറ്റ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു നിയമം കൊണ്ടുവരാൻ ഗവണ്മെന്റ് തയ്യാറാകണം. ഇലക്ഷൻ പ്രക്രിയ മാന്യമായി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യസംവിധാനത്തെ സംരക്ഷിക്കുന്നതിന്, ഈ പുതിയ നിയമനിർമ്മാണത്തെ ശക്തിയായി ഞങ്ങൾക്ക് എതിർക്കേണ്ടി വന്നിരിക്കുന്നു. അതുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടുകളിൽ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഗവണ്മെന്റ് ഇത് നടപ്പിൽ വരുത്തുമ്പോൾ ഇക്കാര്യങ്ങളൊക്കെ ശ്രദ്ധിച്ച് ചെയ്യാൻ തയ്യാറാകുന്നില്ല എങ്കിൽ അതിശക്തമായ പ്രതിഷേധം ഞങ്ങളുടെ ഭാഗത്തുനിന്നും നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പു നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചില നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. കുറുമാറ്റ നിയമത്തെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു. അത് ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഗൗരവമുള്ള പ്രശ്നം തന്നെയാണ്. അത് എങ്ങനെയെന്ന് ഒറ്റയ്ക്ക് പറയാൻ കഴിയില്ലെങ്കിലും ഉടൻതന്നെ അക്കാര്യം ചർച്ച ചെയ്യണമെന്നുതന്നെയാണ് അഭിപ്രായം. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലേയ്ക്ക് പോകുന്നതിനെപ്പറ്റി ചർച്ച ചെയ്യേണ്ടതു തന്നെയാണ്. പൊതു താൽപര്യമുള്ള കാര്യങ്ങളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. അതെല്ലാം വളരെ വാലിഡ് ആയിട്ടുള്ള നിർദ്ദേശങ്ങളാണ്. നിങ്ങളുടെ വർത്തമാനം കേട്ടാൽ തോന്നും ഞങ്ങൾക്ക് ചീത്തക്കാലവും ബാക്കിയുള്ളവർക്കെല്ലാം നല്ല കാലവുമാണെന്ന്. അങ്ങനെയൊന്നുമില്ല. ഞങ്ങൾക്കെല്ലാ കാലവും നല്ല കാലം തന്നെയാണ്. അങ്ങനെയുള്ള പ്രശ്നങ്ങളൊന്നുമില്ല. നിങ്ങളുടെ സംസ്ഥാന സമ്മേളനം കഴിഞ്ഞിട്ടല്ലെയുള്ളൂ. ഞങ്ങളുടെ ജില്ലാ സമ്മേളനം കഴിയുന്നതിന്റെ പിറ്റേ ദിവസം ഇതിനെക്കുറിച്ച് സംസാരിക്കാം. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ — 43

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. എ. പി. അനിൽകുമാർ
5. ശ്രീ. എൻ. ഡി. അപ്പച്ചൻ
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. പി. കെ. കെ. ബാവ
9. ശ്രീ. ടി. വി. ചന്ദ്രമോഹൻ
10. ശ്രീ. എം. എ. ചന്ദ്രശേഖരൻ
11. ശ്രീ. ഉമ്മൻ ചാണ്ടി
12. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
13. ശ്രീ. ടി. എൻ. പ്രതാപൻ
14. ശ്രീ. ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. പി. ജെ. ജോയി
16. ശ്രീ. വർക്കല കഹാർ
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. ലൂഡി ലൂയിസ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. സി. പി. മുഹമ്മദ്
23. ശ്രീ. കെ. നാരായണക്കുറുപ്പ്
24. ശ്രീ. എഴുകോൺ നാരായണൻ
25. ശ്രീ. കെ. കെ. ഷാജു
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീമതി രാധാ രാഘവൻ
28. ശ്രീ. യു. സി. രാമൻ
29. ശ്രീ. തമ്പാനൂർ രവി
30. ശ്രീ. റോഷി അഗസ്റ്റിൻ
31. ശ്രീ. ടി. പി. എം. സാഹിർ
32. ശ്രീ. എൻ. ശക്തൻ
33. ശ്രീമതി മാലേത്ത് സരളാദേവി
34. ശ്രീ. വി. ഡി. സതീശൻ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീ. സി. എഫ്. തോമസ്
37. പ്രൊഫ. കെ. വി. തോമസ്
38. ശ്രീ. പി. റ്റി. തോമസ്
39. ശ്രീ. തോമസ് ചാഴികാടൻ
40. ശ്രീ. തോമസ് ഉണ്ണിയാടൻ
41. ശ്രീ. എം. എ. വാഹിദ്
42. ശ്രീ. കെ. സി. വേണുഗോപാൽ
43. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ — 22

1. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
2. ശ്രീ. എ. കെ. ബാലൻ
3. ശ്രീ. ടി. കെ. ബാലൻ
4. ശ്രീ. ബിനോയ് വിശ്വം
5. ശ്രീ. വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
7. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ശ്രീ. എം. വി. ജയരാജൻ
10. ശ്രീ. എം. കുമാരൻ
11. ശ്രീ. കെ. വി. കുഞ്ഞിരാമൻ
12. ശ്രീ. വി. കെ. സി. മമ്മത് കോയ
13. ശ്രീ. മത്തായി ചാക്കോ
14. ശ്രീ. കെ. പി. മോഹനൻ
15. ശ്രീ. എ. സി. മൊയ്തീൻ
16. ശ്രീ. സി. കെ. നാണു
17. ശ്രീ. കെ. രാധാകൃഷ്ണൻ
18. ശ്രീ. കെ. പി. രാജേന്ദ്രൻ
19. ശ്രീ. ടി. പി. രാമകൃഷ്ണൻ
20. ശ്രീ. സാജു പോൾ
21. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
22. ഡോ: തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	—	43
പ്രതികൂലിക്കുന്നവർ	—	22
നിഷ്പക്ഷത പാലിക്കുന്നവർ	—	ആരുമില്ല

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

ഇത്രയും അധികം ബില്ലുകൾ പാസ്സാക്കുക എന്നത് മാത്രമല്ല, വളരെ ഫലപ്രദമായ ചർച്ചയും നമ്മൾ നടത്തി. അതിന് എല്ലാപേരോടും പ്രത്യേകിച്ച്, പ്രതിപക്ഷാംഗങ്ങളോട് നന്ദി പറയുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ മാത്രി 10.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly